# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 2487** **19.03.2015- ൽ മറുപടി.**

## മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടുതൽ മെഡിക്കൽ സീറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (എ) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള കോളേജുകളിൽ നിന്നും പാസാകുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ പ്രാക്ടീസ് ചെയ്യുവാനും, പി.ജി കോഴ്സുകൾക്ക് അപേക്ഷിക്കാനും സാധിക്കുകയുള്ളൂ.<br>ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡം അനുസരിച്ച്, അംഗീകരിച്ച കോഴ്സുകൾക്കു മാത്രമേ കൂടുതൽ സീറ്റുകൾ അനുവദിച്ച് തരികയുള്ളൂ. കോഴിക്കോട്, ആലപ്പുഴ, മെഡിക്കൽ കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ അടുത്ത വിദ്യാഭ്യാസ വർഷത്തിൽ കൂടുതലായി എത്ര സീറ്റുകളാണ് ഉണ്ടാവുക; എവിടെയൊക്കെ; വ്യക്തമാക്കാമോ ? | (ബി തിരുവനന്തപുരം ജനറൽ ആശുപത്രി ആസ്ഥാനത്തും, കോന്നിയിലും 100 സീറ്റ് വീതമുള്ള രണ്ട് മെഡിക്കൽ കോളേജുകൾ തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എം.സി.ഐ യുടെ അംഗീകാരം ലഭിക്കുകയാണെങ്കിൽ 200 അധിക സീറ്റുകൾ എം.ബി.ബി.എസിനായി സംസ്ഥാനത്തിന് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ